**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2585** **13-02-2024 - ൽ മറുപടിയ്ക്ക്**

**ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിലെ ജീവനക്കാരുടെ തസ്തിക, എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളിൽ നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ തസ്തിക, എണ്ണം എന്നിവ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന് ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിക്കാമോ; | (ബി) | ഇല്ല. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളിൽ നിലവിൽ ഒരു സെക്ഷൻ ഓഫീസറും ഒരു അസിസ്റ്റന്റും ആണ് സേവനമനുഷ്ഠിച്ച് വരുന്നത്. എങ്കിലും മേൽ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളുടെ പ്രവർത്തനം നിലവിൽ കാര്യക്ഷമമായി നടന്നുവരുന്നു. |
| (സി) | ചില ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളിൽ സെക്ഷൻ ഓഫീസറും ഒരു അസിസ്റ്റന്റും മാത്രമേയുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിക്കാമോ; | (സി) | ഇല്ല. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളിൽ നിലവിൽ ഒരു സെക്ഷൻ ഓഫീസറും ഒരു അസിസ്റ്റന്റും ആണ് സേവനമനുഷ്ഠിച്ച് വരുന്നത്. എങ്കിലും മേൽ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളുടെ പ്രവർത്തനം നിലവിൽ കാര്യക്ഷമമായി നടന്നുവരുന്നു. |
| (ഡി) | ഒരു സെക്ഷൻ ഓഫീസർ, മൂന്ന് അസിസ്റ്റന്റ് , ഒരു കംപ്യൂട്ടർ അസിസ്റ്റന്റ് എന്ന രീതിയിൽ ക്രമീകരിച്ച് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | ഇത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ മേഖല, താലൂക്ക്, ജില്ലാതല ഓഫീസുകളിലെ പരിശോധന കുറ്റമറ്റതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഇ) | ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ 25.06.1996-ലെ ജി.ഒ(എം.എസ്)നം. 464/96/ധന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല ഓഫീസുകളിലും താലൂക്ക് തല ഓഫീസുകളിലും ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തി വരുന്നു. ആവശ്യമുള്ളപക്ഷം ജില്ലാ ധനകാര്യ പരിശോധനാ |

| | | | |
|---|---|---|---|
| | | | വിഭാഗത്തെ പരിശോധനയിൽ സഹായിക്കാൻ ധനകാര്യ പരിശോധന (എൻ.റ്റി) വിംഗിലെ സെക്ഷനുകളുടെ സേവനവും ലഭ്യമാണ്. ജില്ലാ സ്ക്വാഡുകൾ അതാത് മാസം നടത്തേണ്ട പരിശോധന സംബന്ധിച്ച താത്ക്കാലിക യാത്രാ പരിപാടിയുടെ വിവരങ്ങൾ ജില്ലാ സ്ക്വാഡുകളുടെ ചുമതലയുള്ള ധനകാര്യ പരിശോധന (എൻ.ടി) വിഭാഗത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിലേയ്ക്ക് സമർപ്പിക്കുകയും ആയത് പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ അംഗീകാരം നൽകുന്നതിന്റെയടിസ്ഥാനത്തിൽ ജില്ലാ സ്ക്വാഡുകൾ സമയ ബന്ധിതമായി പരിശോധനകൾ നടത്തി അതു സംബന്ധിച്ച റിപ്പോർട്ടുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന് സമർപ്പിച്ചുവരുന്നു. ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തനം എല്ലാ മാസവും ആയതിന്റെ ചുമതലയുള്ള അണ്ടർ സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി വിലയിരുത്തി വരുന്നുണ്ട്. കൂടാതെ ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തന പുരോഗതി നിശ്ചിത ഇടവേളകളിൽ ഓൺലൈൻ മീറ്റിംഗുകൾ വഴിയും നേരിട്ടും ധനകാര്യ പരിശോധന (നോൺ-ടെക്നിക്കൽ) വിംഗിൽ നിന്നും അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | തസ്തിക | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് | 1 |
| | | ഡ്രൈവർ | 1 |
| 2 | കൊല്ലം | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 |
| | | അസിസ്റ്റന്റ് | 1 |
| | | സീനിയർ ഗ്രേഡ് ഡ്രൈവർ | 1 |
| 3 | ആലപ്പുഴ | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 1 |
| | | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 |
| | | ടൈപ്പിസ്റ്റ് (വർക്കിംഗ് അറേഞ്ച്മെന്റ്- റവന്യൂ വകുപ്പ്) | 1 |
| | | ഡ്രൈവർ | 1 |
| 4 | പത്തനംതിട്ട | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് | 1 |
| | | ഡ്രൈവർ | 1 |
| 5 | ഇടുക്കി | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ (സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 1 |
| | | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 |
| | | ഡ്രൈവർ | 1 |
| 6 | കോട്ടയം | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 1 |
| | | അസിസ്റ്റന്റ് | 1 |

| | | | |
|---|---|---|---|
| | | ഡ്രൈവർ ഗ്രേഡ്-1 | 1 |
| | | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് (വർക്കിംഗ് അറേഞ്ച്മെന്റ്- റവന്യൂ വകുപ്പ്) | 1 |
| 7 | എറണാകുളം | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 |
| | | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 (റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്ന്) |
| | | ഡ്രൈവർ ഗ്രേഡ്-1 | 1 |
| 8 | തൃശ്ശൂർ | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് | 1 |
| | | ഡ്രൈവർ | 1 |
| 9 | പാലക്കാട് | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 1 |
| | | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 |
| | | ഡ്രൈവർ സീനിയർ ഗ്രേഡ് | 1 |
| 10 | മലപ്പുറം | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 1 |
| | | ഡ്രൈവർ ഗ്രേഡ്-1 | 1 |
| 11 | കോഴിക്കോട് | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 1 |
| | | കമ്പ്യൂട്ടർ അസിസ്റ്റന്റ് (വർക്കിംഗ് അറേഞ്ച്മെന്റ്) | 1 |
| | | ഡ്രൈവർ | 1 |
| 12 | വയനാട് | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് | 2 |
| | | ഡ്രൈവർ ഗ്രേഡ്-1 | 1 |
| 13 | കണ്ണൂർ | ജില്ലാ ധനകാര്യ പരിശോധന | 1 |

| | | | |
|---|---|---|---|
| | | ഓഫീസർ ( സെക്ഷൻ ഓഫീസർ) | |
| | | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 1 |
| | | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 |
| | | കമ്പ്യൂട്ടർ അസിസ്റ്റന്റ് -സെലക്ഷൻ ഗ്രേഡ് (വർക്കിംഗ് അറേഞ്ച്മെന്റ്) | 1 |
| | | ഡ്രൈവർ ഗ്രേഡ്-1 | 1 |
| 14 | കാസർഗോഡ് | ജില്ലാ ധനകാര്യ പരിശോധന ഓഫീസർ ( സെക്ഷൻ ഓഫീസർ) | 1 |
| | | അസിസ്റ്റന്റ് | 1 |
| | | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 |
| | | ഡ്രൈവർ ഗ്രേഡ്-1 | 1 |